**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 742** **24-02-2022 - ൽ മറുപടിയ്ക്ക്**

**കൊണ്ടോട്ടി മണ്ഡലത്തിലെ പട്ടികജാതി/ പട്ടികവർഗ്ഗ ഭവനരഹിതർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിതർ , ഭവനരഹിതർ, നിലവിലെ വീട് അപകടാവസ്ഥയിലായവർ എന്നിവരെ സംബന്ധിച്ച കണക്കുകൾ പഞ്ചായത്തടിസ്ഥാനത്തിൽ നൽകാമോ; | (എ) | വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും പുതിയ ഭവനത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അവയിൽ എത്രപേർക്ക് ധനസഹായം നൽകിയിട്ടുണ്ടെന്നുമുള്ള കണക്കുകൾ നൽകാമോ; | (ബി) | പ്രസ്തുത നിയോജകമണ്ഡലത്തിൽ നിന്നും പുതിയ ഭവനത്തിനായി പട്ടികജാതിയിൽ പ്പെട്ടവരിൽ നിന്നും 1225 അപേക്ഷകളും പട്ടികവർഗ്ഗത്തിൽപ്പെട്ടവരിൽ നിന്നും 1 അപേക്ഷയുമാണ് ലഭിച്ചിട്ടുള്ളത്. ടി അപേക്ഷകളിന്മേലുള്ള അർഹതാ പരിശോധനാ ലൈഫ് മിഷനിൽ നടന്നുവരുന്നു. ഗുണഭോക്തൃ പട്ടിക അന്തിമമാകുന്ന മുറയ്ക്ക് ധനസഹായം ലഭ്യമാക്കും. |
| (സി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് പുതിയ ഭവനം നിർമിക്കുന്നതിനും വീടുകൾക്ക് അറ്റകുറ്റപണികൾ നടത്തുന്നതിനും ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷൻ മുഖേനയാണ് നിലവിൽ പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭവന നിർമ്മാണ ധനസഹായം നൽകുന്നത്. അർഹരായ ഗുണഭോക്താക്കൾക്ക് ലൈഫ് മിഷൻ മുഖേന 4 ലക്ഷം രൂപയും പട്ടികവർഗ്ഗ സങ്കേതങ്ങളിൽ താമസിക്കുന്നവർക്ക് 6 ലക്ഷം രൂപയും ഭവന നിർമ്മാണ ധനസഹായമായി നൽകുന്നു. വിവിധ പുനരധിവാസ പദ്ധതികളിലൂടെ ഭൂമി ലഭ്യമാകുന്ന പട്ടികവർഗ്ഗക്കാർക്ക് ആദിവാസി പുനരധിവാസ മിഷൻ മുഖേന വീട് അനുവദിക്കുന്നുണ്ട്. വീടുകളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി 1.50 ലക്ഷം പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന അനുവദിക്കുന്നു. ഭവന പുനരുദ്ധാരണത്തിന് പട്ടികജാതി വികസന വകുപ്പ് മുഖേന ധനസഹായം അനുവദിക്കുന്നില്ല. എന്നാൽ കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ സ്വന്തമായോ വിവിധ വകുപ്പുകൾ/ ഏജൻസികൾ മുഖാന്തിരമോ ഭവന നിർമ്മാണം |

| | | | |
|---|---|---|---|
| | | | നടത്തിയിട്ട് സാമ്പത്തിക ബുദ്ധിമുട്ട് കാരണം പൂർത്തീകരിക്കാൻ കഴിയാതെ പോയ വീടുകൾ പൂർത്തീകരിക്കുന്നതിന് പരമാവധി 1.50 ലക്ഷം രൂപ അനുവദിക്കുന്ന ഭവന പൂർത്തീകരണ പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| | പഞ്ചായത്ത് | ഭൂരഹിതർ | ഭവനരഹിതർ | അപകടാവസ്ഥയിൽ ഉള്ള വീടുകൾ |
|---|---|---|---|---|
| പട്ടികജാതി വിഭാഗം | മുതുവല്ലൂർ | 97 | 56 | 25 |
| | ചെറുകാവ് | 50 | 53 | 41 |
| | വാഴയൂർ | 102 | 55 | 30 |
| | വാഴക്കാട് | 80 | 62 | 35 |
| | പുളിക്കൽ | 43 | 33 | 11 |
| | കൊണ്ടോട്ടി | 97 | 43 | 33 |
| | ചീക്കോട് | 26 | 33 | 3 |
| പട്ടികവർഗ്ഗ വിഭാഗം | വാഴക്കാട് | -- | 1 | -- |
| **ആകെ** | | **495** | **336** | **178** |

സെക്ഷൻ ഓഫീസർ